# Visit of External Affairs Minister to Republic of Seychelles (November 27-28, 2020)

November 28, 2020

## സീഷെൽസ് റിപ്പബ്ലിക്കിലേക്കുള്ള വിദേശകാര്യമന്ത്രിയുടെ സന്ദർശനം (നവംബർ 27-28, 2020)

നവംബർ 28, 2020

ഇന്ത്യൻ വിദേശകാര്യമന്ത്രിയായ ഡോ.എസ് ജയശങ്കർന്റെ രണ്ടു ദിവസം നീളുന്ന ഔദ്യോഗിക സന്ദർശനം ഇന്ന് സമാപിക്കും.സീഷെൽസുമായുള്ള ബന്ധങ്ങൾക്ക് ഇന്ത്യ നൽകുന്ന പ്രധാനയം സൂചിപ്പിക്കുന്ന തരത്തിലുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വ്യക്തിഗത സന്ദേശവും അദ്ദേഹം കൈമാറുന്നതാണ്. സന്ദർശനത്തിനിടയിൽ, 2020 നവംബര് 27 ന് അദ്ദേഹം പ്രസിഡണ്ട് ആയ ശ്രീ. വവ്വാൽ റാംകലവനുമായി സ്റ്റേറ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. സീഷെൽസിലെ വിദേശകരായ വിനോദസഞ്ചാര വകുപ്പ് മന്ത്രിയായ ശ്രീ. സിൽവസ്ട്രെ റാഡിഗൊണ്ടയുമായും അദ്ദേഹം ചർച്ചകൾ നടത്തി.

കൂടിക്കാഴ്ച്ചയ്ക്കിടെ അടുത്തിടെ നടന്ന തിരഞ്ഞെടുപ്പിൽ സ്വന്തമാക്കിയ വിജയത്തിന്, ഇന്ത്യൻ ജനതയുടെയും ഭരണകൂടത്തിന്റെ പേരിൽ വിദേശകാര്യാമന്തി പ്രസിഡണ്ട് റാംകലവനെ അഭിനന്ദിക്കുകയുണ്ടായി.ജനുവരി 2018 ന് ഇന്ത്യയിലേക്ക് നടത്തിയ യാത്രയെ അദ്ദേഹം അനുസ്മരിക്കുകയും, തന്റെ നേതൃത്വത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താനാകുമെന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. 2021 ൽ ഇന്ത്യ സന്ദർശിക്കുന്നതിന് വിദേശകാര്യാമന്ത്രി പ്രസിഡണ്ട് റാംകലവനെ ക്ഷണിച്ചു.

സമ്മേളനത്തിനിടയിൽ,പൊതുവായ രീതിയിൽ ജനാധിപത്യ മൂല്യങ്ങളിലും നിയമവ്യവസ്ഥയിലും പുലർത്തുന്ന വിശ്വാസം മൂലം ശക്തിപെടുത്തിയിട്ടുള്ള ചരിത്രപരമായ അയൽബന്ധത്തെ കുറിച്ച് വിദേശകാര്യമന്ത്രിയും പ്രസിഡന്റും ചർച്ച ചെയ്തു. കോവിഡിന് ശേഷമുള്ള സമയത്ത് ഇന്ത്യയും സീഷെൽസും തമ്മിലുള്ള നയതന്ത്ര പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ വിദേശകാര്യമന്ത്രി ആവർത്തിച്ചു. ഇന്ത്യൻ സമുദ്ര പ്രവിശ്യകളോടുള്ള ഇന്ത്യയുടെ കാഴ്ചപാടായ സാഗറിനോട് (സെക്യൂരിറ്റി ആൻഡ് ജിറൗത്ത് ഫോർ ഓൾ ഇൻ ദി റീജിയൻ) സീഷെൽസിനു നൽകുന്ന പ്രാധാന്യത്തെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. സമുദ്രത്തിനു

കുറുകേയുള്ള അയൽ രാജ്യങ്ങളായതിനാൽ അയൽ രാജ്യങ്ങൾക്ക് മുന്ഗണന നൽകുന്നതിനുള്ള നടപടികളിലും സീഷെൽസ് ഭാഗമായിരിക്കും.

പകർച്ചവ്യാധി സമയത്ത് ചികിത്സ സാമഗ്രികൾ അത്യാവശ്യ മരുന്നുകൾ എന്നിവയുടെ രൂപത്തിൽ ഇന്ത്യ നൽകിയ സഹായത്തെ പ്രസിഡണ്ട് രാംകലവൻ അഭിനന്ദിച്ചു. ഇരു രാജ്യങ്ങളിലും തമ്മിലുള്ള വികസന,സുരക്ഷ പങ്കാളിത്തങ്ങൾക്ക് അദ്ദേഹം മൂല്യം നൽകുന്നു കൂടാതെ സീഷെൽസിനെ വികസനത്തിൽ ഇത് മൂലം സംഭവിക്കാനിടയുള്ള അനുകൂലമായ പ്രഭാവത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സീഷെൽസിലെ തലപര്യങ്ങളെയും ആഗ്രഹങ്ങളെയും പിന്തുണയ്ക്കുന്നതിനും സഹകരണം ഉന്നത നിലകളിലേക്ക് എത്തിക്കുന്നതിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത വിദേശകാര്യമന്ത്രി അറിയിച്ചു.

ഉഭയകക്ഷി ഇടപെടലുകൾ, കോവിഡ് -19 നു ശേഷമുള്ള വെല്ലുവിളികളെ നേരിടുന്നതിൽ ഉള്ള സഹകരണവും ഏകോപനവും എന്നിവ കൂടുതൽ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ ചർച്ചകൾ ഉയർത്തിക്കാട്ടി. മയക്കു മരുന്ന് കടത്ത്, ഐ യു യു ഫിഷിങ്, കടൽക്കൊള്ള, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെ നേരിട്ട് നിന്നും സമുദ്ര പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങളുടെ ആവശ്യകതയും അവർ ചൂണ്ടിക്കാണിച്ചു. തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ചുള്ള വിവിധങ്ങളായ പ്രാദേശിക വിഷയങ്ങളെക്കുറിച്ചും അവർ സംസാരിച്ചു.

സീഷെൽസ് വിദേശകാര്യമന്ത്രിയുമായി മാന്തിത്തള ചർച്ചകളും നടത്തി. ഇരു നേതാക്കളും തമ്മിൽ വികസനപങ്കാളിത്തം, വിഭവസ്സി വികസനം പ്രതിരോധ സഹകരണം, വ്യക്തിഗത സാംസ്കാരികവുമായ ബന്ധങ്ങൾ, വ്യവസായം, വിനോദസഞ്ചാരം & വാണിജ്യം കൂടാതെ ആരോഗ്യം എന്നിവ ഉൾപ്പെടുന്ന ഉഭയകഷി ബന്ധങ്ങളുടെ വിവിധ വശങ്ങളെക്കുറിച്ചും ചർച്ച നടത്തി.

**വിക്ടോറിയ**
**28 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.